Page 1 of 3



ced by the State Governments for increasing reservation in favour of "Other Backward Classes" (OBCs) with an assurance that these decisions would be suitably reviewed. Evidently, there are possibilites of agitations being launched in other States as well, for or against, increasing reservations for OBCs.

Central Government's view in regard to reservations for SC/STs has been made abundently clear in the Parliament by the Prime Minister as well as by me. Any review of this policies is out of question. However, in regard to OBCs, there is growing realisation that a national consensus must be evolved through dialogue and discussions. We shall have to consider carefully, modalities of evolving such consensus. In the mean time, I will request you to kindly ensure that the status-quo is maintained on reservation matters.

Suggestions to maintain status-quo was recently expressed by me during discussions on the subject in the Consultative Committee for my Ministry. The suggestion had received positive response. I am, therefore, requesting the Chief Ministers of all the States not to undertake any change in policy relating to reservation for OBCs till such time some sort of national consensus is evolved on the issue.

I would appreciate your informing me about your reaction to the suggestion.

With regards,

(Sd.)
S. B. CHAVAN.

നമ്മുടെ ഗവൺമെന്റ് അതിൽ നിൽക്കുകയാണ്. അതിൽ മാററമൊന്നും വരുത്തിയിട്ടില്ല. 1985–ൽ നിന്ന് 1988 ആയിട്ടേയുള്ളൂ. അപ്പുറം ഒരു കൺസെൻസസ് എത്തുന്നതുവരെ സ്റ്റാറ്റസ്കോ നില നിർത്തി ചർച്ച നടത്താം. പക്ഷേ പാസ്സാക്കിയെടുക്കാനൊക്കുകയില്ല. അതുകൊണ്ടാണ് ഞാൻ നിരാഹാരം കിടക്കുന്ന സുഹൃത്തിനോട് അപ്പീൽ ചെയ്യുന്നത്. അത് പിൻവലിച്ച് കേന്ദ്രത്തോട് അഭ്യർത്ഥിക്കുക, അത്രയേ സാധിക്കൂ. അല്ലാതൊരു തീരുമാനമെടുക്കാൻ നമുക്ക് സാധിക്കില്ല.

## VIII സ്പീക്കറുടെ റൂളിംഗ്

### ഉപചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിനെ സംബന്ധിച്ച്

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു പ്രശ്നം ഉന്നയിച്ചു. ഗവൺമെന്റിന് ഔപചാരികമായും ഔദ്യോഗികമായും കിട്ടുന്ന കാര്യങ്ങൾ വച്ചുകൊണ്ട് മറുപടി പറയുകയെന്നുള്ളതാണ് സത്യസന്ധമായ ഉത്തരം കിട്ടുന്നതിനുള്ള നടപടി ക്രമം, ഏതെങ്കിലും മന്ത്രി ആരെങ്കിലും പറഞ്ഞുകേട്ടതായി അറിഞ്ഞ കാര്യം ഈ സഭയിൽ ഉന്നയിക്കുന്നത് ഓർഡറിലാണോ? അങ്ങനെയുള്ള നടപടി ഗവൺമെന്റിന്റെ ഔദ്യോഗികാഭിപ്രായമായി പരിഗണിക്കാമോ എന്നാണ് പ്രതിപക്ഷനേതാവ് ഉന്നയിച്ചത്. ഈ കാര്യം ചെയർ പരിശോധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നം പരിശോധിക്കുമ്പോൾ നമ്മുടെ നടപടിക്രമം, റൂൾ 36 അനുസരിച്ച് Admissibility of question മാത്രമാണ് അനുവദിച്ചിട്ടുള്ളത്. Admissibility of answers-നെക്കുറിച്ച് ഈ ചട്ടങ്ങളിലൊരിടത്തും പറയുന്നില്ല. Admissibility എന്തായിരിക്കണം? മന്ത്രിമാർ സഭയിൽ മറുപടി പറയുമ്പോൾ അവരുടെ പൂർണ്ണ ഉത്തരവാദിത്വത്തിലാണ് ആ മറുപടി തരുന്നത്. അത് എവിടെനിന്ന് കിട്ടി എങ്ങനെ കിട്ടി, എന്നുള്ള കാര്യം ചെയറിന് പരിശോധിക്കാൻ അവകാശമില്ല, പക്ഷേ മന്ത്രി ഒരു ഉത്തരം പറഞ്ഞാൽ ആ ഉത്തരം ഗവൺമെൻറിന് ബാധകമാണ്. പിന്നെ പൊതുവായി പറഞ്ഞാൽ തെളിവ് നിയമം അനുസരിച്ച്—Hear-say evidence is no evidence—കേട്ടുകേൾവി ഒരു തെളിവല്ല. അത് പൊതുവിൽ എല്ലാപേർക്കും ബാധകമാണ്. പക്ഷേ ഗവൺമെൻറ് കേട്ടുകേൾവിയനുസരിച്ച് ഉത്തരം പറഞ്ഞാലും ഗവണ്മെൻറിനത് ബാധകമാണ്. Government is bound by the statement until or unless it is corrected. അതാണ് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്.

<u>ശ്രീ. കെ. കരുണാകരൻ:</u> ഉത്തമവിശ്വാസത്തോടുകൂടി തെററായ വിവരം ആണ് പറഞ്ഞതെങ്കിൽ അത് ശരിയല്ല.

<u>മി. സ്പീക്കർ:</u> അത് ശരി, അപ്പോൾ specific instance പറഞ്ഞാൽ പറയാം. ഇവിടെ ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ള അദ്ദേഹത്തിന് ഒരു പേഴ്സണൽ എക്സ്പ്ലനേഷൻ റൂൾ 288 അനുസരിച്ച് കൊടുക്കണമെന്നു പറഞ്ഞ് ഒരു കത്ത് തന്നിരുന്നു. അതും ചെയർ പരിശോധിച്ചു. നമ്മുടെ Commission of Enquiries Act അനുസരിച്ച്, Clause 3 sub-clause 4

The appropriate Government shall cause to be laid before the House of the people or, as the case may be, the Legislative Assembly of the State, the report if any, of the Commission of Enquiry made by the Commission under sub-section (1) together with a memorandum of the action taken thereon within a period of 6 months of the submission of the report by the Commission to the appropriate Government.

ഇവിടെ ഈ 3-ാം വകുപ്പനുസരിച്ച് ആ ഒരു സ്ററാററ്യൂട്ടറി റിക്വയർമെൻറ് മുഖ്യമന്ത്രി നിർവ്വഹിക്കുക മാത്രമാണ് ചെയ്തത്. അതിലൊരു പേഴ്സണൽ എക്സ്പ്ലനേഷൻെറ പ്രശ്നം ഉദിക്കുന്നില്ല, കാരണം, no new allegation is made by the Minister. The Minister was only satisfying the requirement of a statutory provision. Nothing is added. The only difference is that he has read the memorandum of action taken on the report of the Commission. Permission was granted under rule 300 to make a statement on the basis of memorandum of action taken by the Government and he has not added anything. He has not made any new allegation against any member and he was satisfying the requirements of a statutory provision only.

അങ്ങനെയൊരു സാഹചര്യത്തിൽ ഒരു പേഴ്സണൽ എക്സ്പ്ലനേഷൻെറ പ്രശ്നം ഉദിക്കുന്നില്ല. പുതുതായിട്ട് എന്തെങ്കിലും ഒരു ആരോപണം ഒരു മെമ്പർ ഉന്നയിച്ചാൽ പേഴ്സണൽ എക്സ്പ്ലനേഷന് അവകാശ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ട്. ഇവിടെ അങ്ങനെ പുതിയ ആരോപണങ്ങളൊന്നും ഉന്നയിച്ചിട്ടില്ല. ഇതാണ് സ്പീക്കർ എന്നുള്ള നിലയിൽ എനിക്കുള്ള റൂളിംഗ്. ഇനി lawyer എന്നുള്ള നിലയിൽ I am not making any observation. I am not bound to do it. As a lawyer I am not making any observation. ഇതിൽ ഈ ചട്ടം ഇങ്ങനെ വ്യക്തമായിരിക്കെ ആ ചട്ടമനുസരിച്ച് പറയുന്ന അവസരത്തിൽ അത് രാഷ്ട്രീയ പ്രേരിതമാണെന്നുള്ള പ്രസ്താവനകളെല്ലാം വളരെ നിർഭാഗ്യകരമാണ്.

## IX നിയമ നിർമ്മാണ കാര്യം

### 1988-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): സർ, 1988-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. വിശ്വനാഥമേനോൻ: സർ, 1988-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ-ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, ധനകാര്യബില്ലിന്റെ പൊതു ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ സംസാരിച്ചപ്പോൾ വിഭവ സമാഹരണ രംഗത്ത് ഈ ഗവൺമെന്റ് പരാജയപ്പെട്ടതായി പറഞ്ഞു. അതിന് തെളിവായിട്ട് ഞാൻ പറഞ്ഞത്, ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഈ രാജ്യം ഭരിക്കുമ്പോൾ 1984-85-ൽ വില്പന നികുതി വരുമാനം തലേവർഷത്തേക്കാൾ 23 ശതമാനവും 1985-86-ൽ വീണ്ടും 23 ശതമാനവും ഗ്രോത്ത്റേററ് ഉണ്ടായിരുന്നു എന്നാണ്. ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ വില്പന നികുതിയുടെ വളർച്ച 23 ശതമാനം ആയിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് വന്നതിനു ശേഷം 1987-88-ൽ (കഴിഞ്ഞവർഷം) അത് പതിമൂന്നര ശതമാനമായിട്ട് താഴോട്ടുപോയി. അതിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു കാര്യം പറഞ്ഞു. അതിനെ അദ്ദേഹം കൗണ്ടർ ചെയ്തത് അങ്ങനെ രണ്ടുവർഷവും വില്പനനികുതിയുടെ വരുമാന വളർച്ച 23 ശതമാനമുണ്ടെങ്കിലും മാണി ധനകാര്യമന്ത്രിയായിരുന്ന 1980-85 വരെയുള്ള കാലഘട്ടം എടുത്തുപരിശോധിച്ചാൽ 5 വർഷക്കാലത്തെ വില്പനനികുതിയുടെ ഗ്രോത്ത് റേററ് 13 ശതമാനമേ ഉണ്ടായിട്ടുള്ളു എന്നുപറഞ്ഞുകൊണ്ടാണ്. അത് തെററായിരുന്നു. അദ്ദേഹത്തിന്റെ ഈ പ്രസ്താവന വാസ്തവത്തിൽ ഈ സഭയെ തെററിദ്ധരിപ്പിക്കുകയായിരുന്നു. ബഡ്ജററ് ഇൻ ബ്രീഫിൽ കഴിഞ്ഞ പത്തു വർഷക്കാലത്തെ വില്പനനികുതി വരുമാനത്തിന്റെ ഫിഗേഴ്സ് കൊടുത്തിട്ടുണ്ട്.

| | |
|---|---|
| 1980-81 | 203 കോടി |
| 1981-82 | 245 ,, |
| 1982-83 | 275 ,, |
| 1983-84 | 306 ,, |
| 1984-85 | 375 ,, |
| 1985-86 | 458 ,, |

LIBRARY ARCHIVES Kerala Legislative Assembly